പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2322 13.02.2013 -ലെ മറുപടി

**ഡീസൽ പ്രതിസന്ധി പരിഹരിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരുന്ന ഡീസൽ സബ്സിഡി റദ്ദാക്കിയ തീരുമാനം സംസ്ഥാന സർക്കാരിനെ രേഖാമൂലം അറിയിച്ചിരുന്നുവോ ; എങ്കിൽ എന്നാണ് അറിയിച്ചതെന്നും അറിയിപ്പിന്റെ പകർപ്പും ലഭ്യമാക്കാമോ ; | (എ) | ഇക്കാര്യം സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും പ്രത്യേകമായ അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി.ക്ക് നൽകിയിരുന്ന ഡീസൽ സബ്സിഡി റദ്ദാക്കിയതുവഴി ഓരോ ഡിപ്പോയിലും എത്ര ട്രിപ്പ് മുടങ്ങിയെന്നും ഇതിലൂടെ കെ.എസ്.ആർ.ടി.സിക്ക് എത്ര രൂപയുടെ നഷ്ടമുണ്ടായെന്നും വിശദമാക്കാമോ ; | (ബി) | കെ.എസ്.ആർ.ടി.സി. യ്ക്ക് നൽകിയിരുന്ന ഡീസൽ സബ്സിഡി റദ്ദാക്കിയതിന്റെ പേരിൽ സർവ്വീസുകളൊന്നും തന്നെ മുടക്കിയിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ രൂപപ്പെട്ട ഡീസൽ പ്രതിസന്ധി പരിഹരിക്കാൻ ഇതിനകം എത്ര തുക അനുവദിച്ചെന്ന് വ്യക്തമാക്കാമോ ; | (സി) യും (ഡി) യും | കെ.എസ്.ആർ.ടി.സി ക്ക് വർദ്ധിച്ച നിരക്കിൽ ഡീസൽ വാങ്ങേണ്ടി വരുന്നത് മൂലമുണ്ടാകുന്ന ബാദ്ധ്യത നികത്തുന്നതിനായി സർക്കാർ 28 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br>18.01.2013 മുതലുള്ള രണ്ട് മാസ ത്തേക്കുള്ള അധിക ബാദ്ധ്യത നികത്തുന്നതിനായാണ് ഈ തുക. |
| (ഡി) | പ്രസ്തുത തുക ഉപയോഗിച്ച് എത്ര ദിവസം കെ.എസ്.ആർ.ടി.സി പ്രവർത്തിപ്പിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ ; | | |

| | | | |
|---|---|---|---|
| (ഇ) | പൊതുഗതാഗത മേഖലയിലെ നിലവിലെ പ്രതിസന്ധി ചർച്ച ചെയ്യാൻ ഗതാഗത വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇന്നേവരെ എത്ര തവണ ഡൽഹിയിൽ പോയെന്നും ആരെല്ലാമായി ചർച്ച നടത്തിയെന്നും വിശദമാക്കാമോ ; | (ഇ) യും (എഫ്) ഉം | ഡീസൽ സബ്സിഡി റദ്ദാക്കിയതിനെ തുടർന്ന് കെ.എസ്.ആർ.ടി.സിയ്ക്ക് ഉണ്ടായ പ്രതിസന്ധി നേരിട്ട് ചർച്ച ചെയ്യുന്നതിന് ഗതാഗത വകുപ്പ് മന്ത്രി ഒരു തവണ ഡൽഹിയ്ക്ക് പോവുകയും കേന്ദ്ര ധനമന്ത്രി, പ്രതിരോധ വകുപ്പ് മന്ത്രി എന്നിവരുമായി ആശയ വിനിമയം നടത്തുകയും പെട്രോളിയം വകുപ്പ് മന്ത്രി വിദേശയാത്രയിലായിരുന്നതിനാൽ നിവേദനം പെട്രോളിയം മന്ത്രാലയത്തിൽ നൽകുകയും കേന്ദ്ര പെട്രോളിയം വകുപ്പ് സെക്രട്ടറിയുമായി ചർച്ചചെയ്യുകയുണ്ടായി. കൂടാതെ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തിര ഇടപെടൽ അഭ്യർത്ഥിച്ചു കൊണ്ട് ബഹു. പ്രധാനമന്ത്രിയ്ക്കും നിവേദനം നൽകുകയുണ്ടായി. |
| (എഫ്) | പ്രസ്തുത ചർച്ചയുടെ ഫലമായി കേന്ദ്രം എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചതെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ